**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 818** | **06-12-2022 - ൽ മറുപടിയ്ക്ക്**

**ജപ്തി ബോർഡ് സ്ഥാപിച്ചതിനെ തുടർന്ന് വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന സംഭവത്തിൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | വീടിന് മുൻപിൽ ജപ്തി ബോർഡ് സ്ഥാപിച്ചതിൽ മനംനൊന്ത് കൊല്ലം ജില്ലയിലെ വിദ്യാർത്ഥിനി ആത്മഹത്യ ചെയ്തതായി പറയപ്പെടുന്ന സംഭവത്തിൽ സഹകരണ വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പ കുടിശ്ശികയായതിനെ തുടർന്ന് ശ്രീ.അജികുമാർ, അജിഭവനം, തുക്കുന്നപ്പുഴ വടക്ക്, കക്കാക്കുന്ന് പി.ഒ, ശൂരനാട് സൗത്ത് എന്ന വ്യക്തിയ്ക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ബാധ്യത തീർക്കാത്ത സാഹചര്യത്തിൽ ബാങ്ക് സർഫാസി നടപടികൾ ആരംഭിച്ചതായും പ്രസ്തുത നിയമത്തിലെ സെക്ഷൻ 13(2) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകിയിരുന്നതായും തുടർന്ന് 20.09.2022 ൽ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചു കൊണ്ട് പ്രതീകാത്മകമായി സ്ഥലം ഏറ്റെടുക്കൽ നോട്ടീസ് പതിയ്ക്കുകയായിരുന്നെന്നും അന്വേഷണത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| (ബി) | അന്വേഷണത്തിൽ കേരള ബാങ്ക് ജീവനക്കാർക്ക് വീഴ്ച ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വായ്പ കുടിശ്ശികയായതിനെ തുടർന്ന് ശ്രീ.അജികുമാർ, അജിഭവനം, തുക്കുന്നപ്പുഴ വടക്ക്, കക്കാക്കുന്ന് പി.ഒ, ശൂരനാട് സൗത്ത് എന്ന വ്യക്തിയ്ക്ക് നോട്ടീസ് നൽകിയിരുന്നു. എന്നാൽ ബാധ്യത തീർക്കാത്ത സാഹചര്യത്തിൽ ബാങ്ക് സർഫാസി നടപടികൾ ആരംഭിച്ചതായും പ്രസ്തുത നിയമത്തിലെ സെക്ഷൻ 13(2) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് നൽകിയിരുന്നതായും തുടർന്ന് 20.09.2022 ൽ നിയമപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചു കൊണ്ട് പ്രതീകാത്മകമായി സ്ഥലം ഏറ്റെടുക്കൽ നോട്ടീസ് പതിയ്ക്കുകയായിരുന്നെന്നും അന്വേഷണത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |
| (സി) | സർഫാസി നിയമം സംസ്ഥാനത്ത് നടപ്പാക്കേണ്ടതില്ലെന്ന നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | NPA ഈടാക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ് സർഫാസി. ആയത് പ്രകാരം സുതാര്യമായും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിലും മാത്രമേ നടപടി സ്വീകരിക്കാവൂ എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ